**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2447** **30-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവല്ല സബ്ട്രഷറിക്ക് സ്ഥലം വിട്ടു നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ലയിൽ പുതിയ ട്രഷറി പണിയുന്നതിന് സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് തിരുവല്ല നഗരസഭ എത്ര തവണ തീരുമാനം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏറ്റവും പുതിയ തീരുമാനം എന്താണെന്ന് അറിയിക്കുമോ; | (എ) | തിരുവല്ല സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് 10/05/2018, 30/07/2019, 11/11/2021, 29/07/2022, 24/07/2024, 27/09/2024 എന്നീ തീയതികളിൽ തിരുവല്ല നഗരസഭ തീരുമാനം എടുത്തിട്ടുള്ളതാണ്. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിന് 04/11/2024-ൽ ഭരണസമിതി യോഗം ചേർന്നിരുന്നു. എന്നാൽ ടി യോഗത്തിലെ മിനുട്സ് ചെയർപേഴ്സൺ അംഗീകരിച്ചിട്ടില്ല. 27/09/2024-ലെ തീരുമാനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ 2024 നവംബറിൽ കൂടിയ കൗൺസിൽ യോഗത്തിലെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | 04/11/2024 തീയതിയിൽ കൗൺസിൽ യോഗം ചേർന്നിരുന്നുവെങ്കിലും മിനുട്സ് ചെയർപേഴ്സൺ അംഗീകരിച്ചിട്ടില്ല. ആയതിനാൽ മിനുട്സിന്റെ പകർപ്പ് ലഭ്യമല്ല. |
| (സി) | നഗരസഭാ സെക്രട്ടറി ഇതു സംബന്ധിച്ച് തയ്യാറാക്കിയ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | 04/11/2024 തീയതിയിൽ കൗൺസിൽ യോഗം ചേർന്നിരുന്നുവെങ്കിലും മിനുട്സ് ചെയർപേഴ്സൺ അംഗീകരിച്ചിട്ടില്ല. ആയതിനാൽ മിനുട്സിന്റെ പകർപ്പ് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

# തിരുവല്ല മുനിസിപ്പാലിറ്റി

27.09.2024 തീയതി നടന്ന അടിയന്തിരയോഗത്തിലെ

3 / 1 നമ്പർ തീരുമാനം.

**അജണ്ട**
**:**

3 : വിഷയം: തിരുവല്ല നഗരസഭ-എഞ്ചിനിയറിംഗ് വിഭാഗം-സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്. സൂചന: നഗരസഭ കൌൺസിലിൻറെ 24.07.2024 തീയതിയിലെ രണ്ടാം നമ്പർ തീരുമാനം. തിരുവല്ല സബ്ട്രഷറിക്ക് രാമപുരം മാർക്കറ്റ് കോംപ്ലക്സിലെ ഗ്രൌണ്ട് ഫ്ലോറിൽ 3000 sq.ft സ്ഥലം അനുവദിക്കുന്നതിന് സൂചന പ്രകാരം തീരുമാനം എടുത്തിട്ടുള്ളതാണ്. 12.09.2024 തീയതിയിൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സൂചന തീരുമാനത്തിൽ കൂടുതൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയതിൻപ്രകാരം രാമപുരം മാർക്കറ്റ് നിർമ്മാണത്തിൻറെ DPR ൽ മാറ്റം വരുത്തി നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ ആദ്യ ഘട്ടമായി ടി സ്ഥലം അടിയന്തിരമായി നിർമ്മിച്ചു നൽകണമെന്നും, കൂടാതെ 19.07.2024 തീയതിയിൽ ജില്ലാ ട്രഷറി ഓഫീസർ സമർപ്പിച്ച കത്തിൽ ആവശ്യപ്പെട്ടതുപോലെ കെട്ടിടത്തിൻറെ ഗ്രൌണ്ട് ഫ്ലോറിൽ ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സ്ട്രോങ് റൂം ഉൾപ്പെടെ നിർമ്മിച്ചു നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൻറെ അടിസ്ഥാനത്തിൽ സൂചന കൌൺസിൽ തീരുമാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്ന വിഷയം ബഹു.കൌൺസിലിൻറെ അംഗീകാരത്തിനായി. :-

## വിവരണം
**:**

1) ബഹു.കളക്ടർ വിളിച്ചു ചേർത്ത ടി യോഗത്തിൽ ബഹു.ചെയർപേഴ്സൺ, ME ജനറൽ സെക്ഷൻ സൂപ്രണ്ട് എന്നിവർ പങ്കെടുത്തിട്ടുള്ളതാണ്.

2) അടങ്കൽ തുക 5 ½ കോടി രൂപ വകയിരുത്തിയിരിക്കുന്ന തുക-2 കോടി രൂപ.

**ഫയൽ നമ്പർ :** E4-2154521-2024

**തീരുമാന നമ്പർ :** 3 /1 **തീയതി :** 27.09.2024

തീരുമാനം :

ടി വിഷയം വിശദമായി ചർച്ച ചെയ്തതിൻറെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള തീരുമാന പ്രകാരം രാമപുരം മാർക്കറ്റിൽ കെട്ടിടം നഗരസഭ ചെലവിൽ കെട്ടിടം നിർമ്മിച്ചു നൽകുന്നതിനോ അല്ലാത്തപക്ഷം നഗരസഭയുടെ അധീനതയിലുള്ള വസ്തു ട്രഷറിക്ക് കൈമാറുകയോ ഏതാണ് അനുഗുണമെന്നത് സംബന്ധിച്ച് ഒരു തീരുമാനത്തിൽ എത്താൻ കഴിയാത്ത സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ഒരു special കൌൺസിൽ 10.10.2024 നു മുമ്പ് വിളിക്കുന്നതിന് തീരുമാനിച്ചു.

(ഒപ്പ്)

ശരിപകർപ്പ്

സെക്രട്ടറി

**ചെയർമാൻ/ ചെയർപേഴ്സൺ**